കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

## 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

E-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-10/1017 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690.

തീയതി.18.09.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്– സംബന്ധിച്ച്

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് : 1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന).
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് ജില്ല.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-10/ 1017/2017 തിയ്യതി:18.09.2017

# കാസറഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

*****

കാസറഗോഡ് ജില്ലയിലെ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 01.04.2017 മുതൽ 31.03.2017വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ.)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2016 മുതൽ 16.09.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻ | ഗോപാലകൃഷ്ണ നായിക്ക്.പി | ഓഡിറ്റ് ഓഫീസർ |
| | കിരൺദാസ്,പി. | ഓഡിറ്റ് ഓഫീസർ |
| | വിനോത്കുമാർ.സി. | അസി.ഓഡിറ്റ് ഓഫീസർ |
| | ഷാജു തോമസ് | അസി.ഓഡിറ്റ് ഓഫീസർ |
| | യാദവകുമാര.സി.എച്ച്. | അസി.ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ. | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവശങ്കര.കെ. | ഓഡിറ്റർ |
| | സുധീഷ്.എൻ.കെ. | ഓഡിറ്റർ |

<u>(ബി.)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കുഞ്ഞിക്കണ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | 1)ശ്രീ.ജോസഫ് എം.ചാക്കോ | 01.04.2016 മുതൽ 25.05.2016 വരെ |

| | | |
|---|---|---|
| | 2)ശ്രീ.വി.രാമചന്ദ്രൻ<br>അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) | 26.05.2016 മുതൽ 18.08.2018 വരെ |
| | 3)ശ്രീമതി.കെ.വി.ഉഷാദേവി | 19.08.2016 മുതൽ 31.03.2017 വരെ |

(സി.)നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വിഷ്ണു.എസ്.പി. | 01.04.2016മുതൽ12.07.2016വരെ |
| | ശ്രീ.അരവിന്ദൻകൊട്ടാരത്തിൽ | 13.07.2016 മുതൽ 13.10.2016 വരെ |
| | ശ്രീമതി.സുമ.ഡി.എൽ. | 14.10.2016 മുതൽ 19.10.2016 വരെ |
| | ശ്രീമതി.ജ്യോതികുമാരി | 20.10.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.അമിത | 01.04.2016 മുതൽ 14.03.2017 വരെ |
| | ശ്രീമതി.പ്രസന്നകുമാരി.കെ.വി. | 15.03.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ.വിജയകുമാർ | 01.04.2016 മുതൽ 10.08.2016 വരെ |
| | ശ്രീ.ഇഖ്ബാൽ.സി.എച്ച്. | 11.08.2016 മുതൽ 01.12.2016 വരെ |
| | ശ്രീ.അശോകൻ.എ. | 02.12.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.വി.കെ.സുലേഖ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ദയാമോൻ-ഡി-മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ,<br>(അലോപ്പതി) | ഡോ.അനിൽകുമാർ.ആർ | 01.04.2016 മുതൽ 30.05.2016 വരെ |
| | ഡോ.സുബ്രായ.കെ | 31.05.2016 മുതൽ 07.08.2016 വരെ |
| | ഡോ.ജോൺജോൺ,കെ | 08.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,<br>(ആയുർവ്വേദം) | ഡോ.ദിലീപ്.കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,<br>(ഹോമിയോ) | ഡോ.സൈറാ ജോൺ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.ജോസ് ജയകുമാർ.ഇ. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജനോവ.കെ.വി. | 01.04.2016 മുതൽ 19.09.2016 വരെ |
| | ശ്രീമതി.രമ്യ.ടി.വി. | 20.09.2016 മുതൽ 14.10.2016 വരെ |
| | ശ്രീമതി.അനസൂര്യ.എം. | 15.10.2016 മുതൽ 02.12.2016 വരെ |
| | ശ്രീ.രമേശൻ കുറുവാട്ടിൽ | 03.12.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.വി.രാമചന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |

(ഡി)ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 12 | ഇ. ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, വാറ്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-2 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല | 2-3 |
| 14 | വസ്തുനികുതി അവലോകനം | 2-4 |
| 15 | ഡി. ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ | 2-5 |

| | | |
|---|---|---|
| | ഭാഗം 3 | |
| 16 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 3.98 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല. | 3-1 |
| 17 | എണ്ണപ്പാറ സർക്കാരി റോഡ് റീടാറിംഗ് -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല. | 3-2 |
| 18 | പാറപ്പള്ളി സാംസ്കാരിക നിലയവും ഗ്രാമ സഭാകേന്ദ്രവും നിർമ്മാണം - കൂടിയ നിരക്ക് അനുവദിച്ചത് -അംഗീകരിക്കുന്നില്ല. | 3-3 |
| 19 | ഭവനനിർമ്മാണ പദ്ധതികൾ – പൂർത്തീകരിച്ചിട്ടില്ല | 3-4 |
| 20 | ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ പദ്ധതി – മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 3-5 |
| 21 | വിവിധ പദ്ധതികൾക്ക് തുക കൈമാറിയത് – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-6 |
| 22 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല -ആസ്തി വിവരങ്ങൾ ശേഖരിച്ചിട്ടില്ല. | 3-7 |
| | ഭാഗം 4 | |
| 23 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 01.03.2016 ലെ ഭരണസമിതി തീരുമാനം നമ്പർ 34/16 പ്രകാരം അംഗീകരിക്കുകയുണ്ടായി. ബഡ്ജറ്റ് പ്രകാരമുള്ള വരവ് -ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,76,79,500 |
| വരവ് | 24,73,45,400 |
| ആകെ | 26,50,24,900 |
| ചെലവ് | 24,62,85,000 |
| നീക്കിയിരിപ്പ് | 1,87,39,900 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2017 | 24.07.2017 | NIl | Nil |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന നടത്തിയ സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-11(എ.) പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി തുകയൊന്നും കാണിച്ചിട്ടില്ല. എന്നാൽ പ്രൊജക്ട് നം.213/17, 273/17 എന്നിവ പ്രകാരം രണ്ട് മരാമത്ത് പണികൾക്കായി ആകെ 1,50,000/- രൂപ 31.03.2017 ൽ മുൻകൂർ നൽകിയിട്ടുണ്ട്.

2.സമ്പൂർണ്ണ ശുചിത്വ പദ്ധതിക്കായി പ്രസിഡണ്ട്, വി.ഇ.ഒ. എന്നിവരുടെ പേരിൽ തുടങ്ങിയ സംയുക്ത അക്കൗണ്ടിൽ (അക്കൗണ്ട് നം.7280, ഇന്ത്യൻ ഓവരിസീസ് ബാങ്ക്, ഒടയംചാൽ)31.03.2017 ൽ 3,04,386/- രൂപ നീക്കിയിരിപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ

ഉൾപ്പെടുത്തിയിട്ടില്ല.

3.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയും ക്യാഷ്ബുക്ക്, E.F.M.S. എന്നിവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം F.T.O. തുക 2,81,81,866/- രൂപയാണ്,എന്നാൽ ക്യാഷ്ബുക്ക്, E.F.M.S. എന്നിവ പ്രകാരം 3,06,12,615/- രൂപയാണ്. 24,30,749/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അതുപോലെ ഭരണ നിർവ്വഹണ ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 8,17,097/- രൂപയാണ്, എന്നാൽ ക്യാഷ്ബുക്ക് പ്രകാരം 7,88,696/- രൂപയാണ്. 28,400/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

4.കൃഷി ഓഫീസർക്ക് നെൽക്കൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും 1,50,000/- രൂപ നൽകിയിട്ടുണ്ട്. കൃഷി ഓഫീസറുടെ ട്രഷറി അക്കൗണ്ടിലേക്ക് തുക നേരിട്ട് കൈമാറുകയാണ് ചെയ്തത്. ഈ തുക സംബന്ധിച്ച വരവ്-ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,18,43,824 |
| വരവ് | 6,50,45,745 |
| ആകെ | 8,68,89,569 |
| ചെലവ് | 5,48,55,818 |
| നീക്കിയിരിപ്പ് | 3,20,33,751 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്** | ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,01,27,161 | 2,01,27,161 | 1,34,02,583 | 67,24,578 | 66.59% |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,24,85,841 | 1,24,85,841 | 79,59,007 | 45,26,834 | 63.74% |
| വികസഫണ്ട് ടി.എസ്.പി. | 0 | 30,255 | 30,255 | 30,255 | Nil | 100% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,12,87,102 | 1,12,87,102 | 60,30,087 | 52,57,015 | 53.42% |
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 63,31,152 | 63,31,152 | 13,15,181 | 50,15,971 | 20.77% |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 15,53,599 | 15,53,599 | Nil | 15,53,599 | 0% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,08,36,659 | 2,08,36,659 | 72,00,544 | 1,36,36,115 | 34.56% |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 52,84,596 | 52,84,596 | 21,84,384 | 31,00,212 | 41.33% |
| എം.എൻ.ആർ. ഇ.ജി.എസ്. | 3,918 | 2,95,05,150 | 2,95,09,068 | 2,89,98,963 | 5,10,105 | 98.27% |
| ബി.ഫണ്ട് | 0 | 5,24,17,688 | 5,24,17,688 | 5,24,17,688 | Nil | 100% |

** കോളം 6-ൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ (എം.ജി.എൻ.ആർ.ഇ.ജി.എസ്. ഒഴികെ) സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|
| 273 | 91 | 00 | 182 | 33.33% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2016-17 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 53 | 2,77,58,312 | 22 | 1,06,88,037 | 38.50% |
| 2 | അസിസ്റ്റന്റ് എൻജിനിയർ. | 180 | 13,76,86,539 | 36 | 1,24,97,128 | 9.08% |
| 3 | കൃഷി ഓഫീസർ. | 9 | 45,58,861 | 7 | 22,34,828 | 49.02% |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 8 | 72,37,807 | 5 | 51,48,400 | 71.13% |
| 5 | ഐ.സി.ഡി.എസ്. | 6 | 57,68,400 | 5 | 40,32,536 | 69.91% |

| | | | | | | |
|---|---|---|---|---|---|---|
| | സൂപ്പർവൈസർ. | | | | | |
| 6 | വെറ്റിനറി സർജ്ജൻ | 3 | 17,40,610 | 3 | 17,40,610 | 100% |
| 7 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 3 | 10,50,000 | 3 | 10,09,904 | 96.18% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 1 | 6,00,000 | 1 | 6,00,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ, ഹോമിയോ. | 2 | 5,50,000 | 2 | 5,49,793 | 99.96% |
| 10 | പ്രധാനാധ്യാപകൻ. | 6 | 8,10,000 | 5 | 3,44,993 | 42.59% |
| 11 | ഡയറി ഫാംഇൻസ്പെക്ടർ | 1 | 18,74,664 | 1 | 5,74,664 | 30.65% |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 1 | 24,70,000 | 1 | 13,40,000 | 54.25% |
| | ആകെ | 273 | 19,21,05,193 | 91 | 4,07,60,893 | 21.22% |

തൻവർഷം ആകെ 273 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെങ്കിലും അതിൽ 91 പദ്ധതികൾ മാത്രമെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ, അതായത് 66.67% ശതമാനം പദ്ധതികൾ മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി നടത്തിപ്പിൽ ഏറ്റവും പിറകിൽ അസിസ്റ്റന്റ് എഞ്ചിനീയറാണ്, 180 പദ്ധതികളിൽ ആകെ 36 എണ്ണം മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ, ചെലവ് ശതമാനം 9.08%. സെക്രട്ടറി 54 പദ്ധതികളിൽ 21 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്, ചെലവ് ശതമാനം 38.50%. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും അംഗീകാരം ലഭിച്ച എല്ലാ പദ്ധതികളും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ആകെ ചെലവ് ശതമാനം 21.22% മാത്രമാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.28 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) /(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,19,468 | 54,45,464 | 21,25,996 | (+)64.04% |
| നികുതിയേതര വരവുകൾ | 12,37,430 | 9,07,141 | 3,30,289 | (-)26.09% |
| മറ്റു വരവുകൾ | 98,58,964 | 1,08,42,360 | 9,83,396 | (+)9.9% |
| ആകെ | 1,44,15,862 | 1,71,94,965 | 27,79,103 | 19.28% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 1,47,120 | 75 |
| കർഷകത്തൊഴിലാളി പെൻഷൻ | 45,38,650 | 412 |
| വിധവാ പെൻഷൻ | 1,54,82,495 | 500 |
| വാർദ്ധക്യകാല പെൻഷൻ | 2,62,42,565 | 500 |
| വികലാംഗ പെൻഷൻ | 41,80,565 | 448 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 6,98,570 | 63 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,10,000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ നടത്തിയതിന്റെ വിവരം.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,577/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ്നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, തീയ്യതി |
|---|---|---|---|---|
| 1 | പെർഫോർമൻസ് ഓഡിറ്റ് | 03.03.2017 to 07.03.2017 | 12/2016 to 02/2017 | എ.3-2385/തി.07.03.2017 |
| 2 | അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/2016 | 2011-12 to 2015-16 | എൽ.ബി.എ.(എച്ച്.യു.) II/8A-2538/16-17 /374/തി.20.01.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 6/207,തീയ്യതി 16-09-2017)

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(11)എ(1)പ്രകാരം 60 ദിവസമോ അതിൽ കൂടുതലോ ഒരു അർദ്ധവർഷം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ജോലി/തൊഴിൽ ചെയ്ത വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകും. ഇപ്രകാരം 2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്ത തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന നികുതിയും അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി അടവാക്കേണ്ടകാലയളവ് |
|---|---|---|
| 1 | കാലിച്ചാനടുക്കം, ക്ഷീരോൽപ്പാദനസഹകരണ സംഘം. | 2016-17-I&II അർദ്ധവർഷം |
| 2 | മുക്കുഴി,ക്ഷീരോൽപ്പാദന സഹകരണസംഘം | 2016-17-I&II അർദ്ധവർഷം |
| 3 | ഉദയപുരം,ക്ഷീരോൽപ്പാദന സഹകരണസംഘം | 2016-17-I&II അർദ്ധവർഷം |
| 4 | ബേളൂർ, ക്ഷീരോൽപ്പാദന സഹകരണസംഘം | 2016-17-I&II അർദ്ധവർഷം |
| 5 | തായന്നൂർ, ക്ഷീരോൽപ്പാദന സഹകരണസംഘം | 2016-17-I&II അർദ്ധവർഷം |
| 6 | എണ്ണപ്പാറ, ക്ഷീരോൽപ്പാദന സഹകരണസംഘം | 2016-17.II അർദ്ധവർഷം |
| 7 | പാറപ്പള്ളി-വുഡ് ഇൻഡസ്ട്രീസ്,മുട്ടിച്ചരൽ | 2016-17.I&II അർദ്ധവർഷം |
| 8 | വനിതസർവ്വീസ് സഹകരണ സംഘം, എണ്ണപ്പാറ | 2016-17.I&II അർദ്ധവർഷം |
| 9 | ഉദയപുരം, വനിത സർവ്വീസ് സഹകരണ സംഘം, | 2016-17.I&II അർദ്ധവർഷം |
| 10 | ഉദയപുരം-ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി,ചുള്ളിക്കര. | 2016-17.I&II അർദ്ധവർഷം |
| 11 | മാവേലി സ്റ്റോർ | 2016-17.I&II അർദ്ധവർഷം |
| 12 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഒടയഞ്ചാൽ | 2016-17. I അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഇ. ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം, വാറ്റ്

എന്നിവ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2016-2017 സാമ്പത്തിക വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, വാറ്റ് തുടങ്ങിയ ഇനങ്ങളിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 36 പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില (വാറ്റ് ഉൾപ്പെടെ) 83,345/- രൂപയുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കി വാറ്റ് ഇനത്തിൽ ഒടുക്കേണ്ട തുക സർക്കാരിൽ ഒടുക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ വസ്തു നികുതി പിരിവ് പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 10 മൊബൈൽ ടവറുകളിൽ നിന്നായി ആകെ 2,77,280 /- രൂപ വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഓപ്പറേറ്റർ / ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം @ m2 | വസ്തു നികുതി കുടിശ്ശിക | വസ്തു നികുതി കുടിശ്ശിക തൻ വർഷം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | വോഡാഫോൺ ഐസർ സെല്ലുലാർ ലിമിറ്റഡ്. | 409 A | 42 m2 | 39,690 | 13,230 | 52,920 |
| 2 | എസർ ടെല്ലോറം. | 606 A | 35 m2 | 30,318 | 10,106 | 40,424 |
| 3 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. | 173 A | 42 m2 | 39,633 | 13,211 | 52,844 |
| 4 | ഐഡിയമൊബൈൽ കമ്മ്യൂണിക്കേൻ ലിമിറ്റഡ്. | 29 A | 5 m2 | 3,936 | 1,312 | 5,248 |
| 5 | ബി.എസ്.എൻ.എൽ, കണ്ണൂർ | 564 A | 20 m2 | 12,600 | 4,200 | 16,800 |
| 6 | ഐഡിയമൊബൈൽ കമ്മ്യൂണിക്കേൻ ലിമിറ്റഡ് | 433 | 30 m2 | 16,536 | 5,512 | 22,048 |
| 7 | റിലയൻസ്ഇൻഫ്രാടെൽ ലിമിറ്റഡ്. | 433 A | 25 m2 | 15,070 | 5,250 | 20,320 |
| 8 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്. | 460 E | 25 m2 | 23,625 | 7,875 | 31,500 |
| 9 | ഭാരത് ഇൻഫ്രാടെക് ലിമിറ്റഡ്. | 549 A | 20 m2 | 15,750 | 5,250 | 21,000 |

| | | | | | | |
|---|---|---|---|---|---|---|
| 10 | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചറൽ. | 543 l | 15 m2 | 10,632 | 3,544 | 14,176 |
| | ആകെ | | | | | 2,77,280 |

മേൽ കുടിശ്ശിക പിരിച്ചെടുക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.02/15.09.2017). ആയതിനാൽ കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി അവലോകനം

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനായും പ്രാവർത്തികമായിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് റജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 16,544 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 14,140 വീടുകളും, 1,533ഷോപ്പുകളും, 64 വ്യവസായാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളും, 52 ഓഫീസ് ആവശ്യത്തിനായുള്ള വ്യവസായ കെട്ടിടങ്ങളും, 56 ഇതര വ്യവസായങ്ങൾക്കാവശ്യമായ കെട്ടിടങ്ങളും, 13 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും, 17 മൊബൈൽ ടവറുകളും, 154ആരാധനാലയങ്ങളും, 2 ആശുപത്രികളും, 4 കാർഷികാവശ്യത്തിനുള്ള കെട്ടിടങ്ങളും, 11 അസംബ്ലി കെട്ടിടങ്ങളും നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 498 കെട്ടിടങ്ങളും ഉൾപ്പെടുന്നു. എന്നാൽ സഞ്ചയയിലെ ബേസ് ഡാറ്റ പ്രകാരം 15,249 കെട്ടിടങ്ങളാണുള്ളത്. കെട്ടിടത്തിന്റെ എണ്ണത്തിലുണ്ടായ ഈ വ്യത്യാസത്തിന് കാരണം വ്യക്തമല്ല . കൂടുതൽ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) സഞ്ചയയിൽ 2013-14 സാമ്പത്തിക വർഷം മുതൽ നടത്തിയിട്ടുള്ള ഡാറ്റാ എൻട്രിയിൽ അതുവരെ കുടിശ്ശികയുള്ള വസ്തുനികുതി സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. നികുതി പുനർ നിർണ്ണയിച്ചപ്പോൾ 14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ച.മീറ്റർ കണക്കാക്കി പുനർ നിർണ്ണയിച്ച് ആയത് മൂലമുള്ള നികുതി വ്യതിയാന കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സാംഖ്യ പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സഞ്ചയ പ്രകാരമുള്ള തുക(കുടിശ്ശികയടക്കം) | സാംഖ്യ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | വസ്തുനികുതി ഡിമാന്റ് | 97,20,211 | 38,14,028 |
| 2 | വസ്തുനികുതി കളക്ഷൻ | 42,28,965 | 42,08,024 |
| 3 | വസ്തുനികുതി ബാലൻസ് | 54,91,246 | 19,40,181 |

സ.ഉ.(എം.എസ്.) 144/2015/ത.സ്വ.ഭ.വ. തീയതി 27.04.15, സ.ഉ. (എം.എസ്.) 358/2015/ത.സ്വ.ഭ.വ. തീയതി 16.12.15 പ്രകാരവും വസ്തുനികുതി പരിഷ്കരണം/ പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ ഡേറ്റാബേസിലുള്ള എൻട്രികൾ വീണ്ടും ഓരോന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പഞ്ചായത്തിൽ ഈ പ്രവർത്തികൾ നടപ്പിൽ വരുത്താത്തതിനാലാണ് ഭീമമായ തുക വസ്തുനികുതിയിനത്തിൻ കുടിശ്ശിക വരുവാൻ കാരണമായത്

എന്നാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.

2) 185 ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലാണ് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നത്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിലും പഴയ ഭാഗത്തിനും കൂടി പുതുക്കിയ നിരക്കിൽ കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

3) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 80/-രൂപയുമാണ് പഞ്ചായത്തിൽ (ബി.4/3046/11 തീയ്യതി 17.09.2011 പ്രകാരം അന്തിമ വിജ്ഞാപനം) നിശ്ചയിച്ചിട്ടുള്ളത്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഇ- പേമെന്റ് ഇനീഷ്യേറ്റ് ചെയ്ത സാഹചര്യത്തിൽ വസ്തുനികുതി പരിഷ്കരണത്തിന ശേഷമുള്ള മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും നികുതി പുനപ്പരിശോധിക്കേണ്ടതും ഇതേ രീതിയിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ഡിമാന്റിൽ വ്യത്യാസം വരുത്തി തുടർ നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

4) ഗ്രാമപഞ്ചായത്തിൽ ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്തിട്ടുണ്ട്.ഓഡിറ്റ് തീയ്യതി വരെ 3,756/-രൂപ ഇ-പേയ്മെന്റ് ഇനത്തിൽ വരവ് വന്നിട്ടുണ്ട്.

5) സ.ഉ.(എം.എസ്.)നം. 144/15/ ത.സ്വ.ഭ.വ. തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നുണ്ട്. 3,527 കെട്ടിടങ്ങൾക്കാണ് സഞ്ചയ പ്രകാരം ഇത്തരത്തിൽ നികുതിയിളവ് അനുവദിച്ചിട്ടുള്ളത്.

6)വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ--വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന വീടുകളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് 02.07.2013 ലെ ജി.ഒ.(എം.എസ്.)നം.242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്. നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. മേൽ പറഞ്ഞ നിബന്ധനകൾ പാലിച്ചു കൊണ്ടുള്ള 12 അപേക്ഷകരാണ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ളത്.

7) വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് വിൽഡിംഗ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല, വഴിസൗകര്യം, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം, തറനിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതി നിർണ്ണയിക്കുന്നത്.

8)സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല- 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

9)സ.ഉ.(എം.എസ്.) നം.358/15ത.സ്വ.ഭ.വ. പ്രകാരം വസ്തുനികുതി പരിഷ്കരണ/പുനക്രമീകരണ നടപടികൾ 2015 ഡിസംബർ 31ന് മുമ്പ് എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. വസ്തുനികുതി പരിഷ്കരണം/ പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവടെ കൃത്യത ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഡി.ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | |
|---|---|---|---|---|
| പുതിയതായി അപേക്ഷിച്ചവർ | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ |
| 85 | ----- | 297 | --- | 382 |

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം

കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 100%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3 /12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ

സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 3.98 കോടി വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്ന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 7.79 കോടി രൂപ (₹7,79,36,365/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,81കോടി രൂപ (₹3,81,22,401/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 3.98 കോടി രൂപ (₹3,98,14,324/-) വിനിയോഗിക്കാൻ സാധിച്ചില്ല. വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 51% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത്. (പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഈ റിപ്പാർട്ടിലെ ഖണ്ഡിക 1-5ൽ ചേർത്തിട്ടുണ്ട്). 2016-17 സാമ്പത്തിക വർഷം ആകെ 273 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 91 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ 21.22% മാത്രമാണ് നടപ്പിലാക്കിയത്.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയില്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ

ഫലപ്രദമായി ഉപയോഗപ്പടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയ ബന്ധിതമായി രൂപീകരിച്ച് ഭരണ സമിതിയും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-2 എണ്ണപ്പാറ സർക്കാരി റോഡ് റീടാറിംഗ് -അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

എണ്ണപ്പാറ സർക്കാരി റോഡ് റീ ടാറിംഗ് പ്രവൃത്തിയിൽ റീ ടാറിംഗ് ചെയ്യുന്ന റോഡിന്റെ നീളം കണക്കാക്കിയതിൽ പിശക് സംഭവിച്ചതിനാൽ 4,585/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ.249/17, (എണ്ണപ്പാറ സർക്കാരി റോഡ് റീ ടാറിംഗ്) |
| അടങ്കൽ | 8 ലക്ഷം (സംരക്ഷണ ഗ്രാന്റ് - റോഡ്) |
| എസ്റ്റിമേറ്റ് | 8 ലക്ഷം |
| സാങ്കേതികാനുമതി | 8 ലക്ഷം No.469/AEE/LSGD/16-17 തീയതി 07.07.2015, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, L.S.G.D.സബ് ഡിവിഷൻ, പരപ്പ. |
| എം. ബുക്ക് നം. | 154/15-16 |
| ആകെ അളവ് മൂല്യം | ₹ 7,99,589/- (ടെണ്ടർ കുറവ് കഴിച്ച് ₹ 5,99,692/-) |
| കരാറുകരാൻ | എം.എ. മുഹമ്മദ് സെയ്ദ് |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 25% കുറവ് |
| കരാറുകാരന് നൽകിയ തുക | ₹ 5,63,710/- |
| വൗച്ചർ നം./തീ | 30/16-17 തീ 17.03.2017 |

